THE TREASURY OF KNOWLEDGE
# ജ്ഞാനനിക്ഷേപം

| വാല്യം 168 | ജനുവരി 2015 | ലക്കം 1 |
|---|---|---|



# ബിഷപ്പിന്റെ കത്ത്

കർത്താവിൽ പ്രിയരേ,

ക്രിസ്തുയേശുവിന്റെ നാമത്തിൽ സ്നേഹവന്ദനം.

അനുഗൃഹീതമായ ഒരു പുതുവത്സരത്തിന്റെ എല്ലാ നന്മകളും ഭാവുകങ്ങളും ഏവർക്കും നേരുന്നു. 2015-ാമാണ്ട് കർമ്മനിരതവും അർത്ഥപൂർണ്ണവും ദൗത്യനിർവ്വഹണത്തിൽ വിശ്വസ്തവും ആയി സജീവത കൈവരിക്കുവാൻ ദൈവം ഏവരെയും സഹായിക്കട്ടെ എന്നു പ്രാർത്ഥിക്കുന്നു. ദ്വിശതാബ്ദി കാലഘട്ടത്തിലെ മൂന്നാമത്തെ വർഷമെന്ന നിലയിൽ നാം പൂർത്തീകരിക്കേണ്ട ഉത്തരവാദിത്വങ്ങളെക്കുറിച്ചുള്ള ബോധ്യങ്ങൾ നമ്മെ ഏവരെയും കർമ്മോത്സുകരാക്കി തീർക്കട്ടെ എന്നു പ്രാർത്ഥിക്കുകയും ചെയ്യുന്നു.



ഒരു വർഷത്തിന്റെ പിറവിയുടെ സമയം ചില തീരുമാനങ്ങളുടെ സമയമാണ്. ചിലതിനെ ഉപേക്ഷിക്കുവാനും മറ്റു ചിലതിനെ സ്വീകരിക്കുവാനും നാം നമ്മെത്തന്നെ ഒരുക്കുന്ന സമയമാണ്. കഴിഞ്ഞ വർഷക്കാലങ്ങളിൽ ഒരുപക്ഷെ നമ്മുടെ ജീവിതത്തിൽ നിന്നും നമുക്കു പറിച്ചെറിയുവാൻ കഴിയാതെപോയ ശീലങ്ങളും രീതികളും അനുഭവങ്ങളും ഉപേക്ഷിക്കുവാനുള്ള സമയം. കൂടാതെ ചില സാഹചര്യങ്ങളെ സൃഷ്ടിക്കുവാനും അനുഭവങ്ങൾ ഏറ്റെടുക്കുവാനും കൂടുതൽ ആഴമായ ദൈവബോധ്യത്തിലേക്കു പ്രവേശിക്കുവാനുമുള്ള സമയം കൂടിയാണിത്. ദ്വിശതാബ്ദി കാലഘട്ടത്തിലെ പിന്നിട്ട വർഷങ്ങളിൽ നാമേറ്റെടുത്തതുപോലെ 2015-ാം വർഷവും ഒരു പ്രത്യേക ചിന്താവിഷയത്തിന്റെയും പഠനത്തിന്റെയും വർഷമായി വേർതിരിക്കുകയാണ്. അതിൻപ്രകാരം 2015 'ഉണർവ്വിന്റെ വർഷം' (Year of Revival) ആയി ആചരിക്കുവാനും ഇപ്പോഴത്തെ സാഹചര്യങ്ങളിൽനിന്നും ഉണരുവാനും എഴുന്നേൽക്കുവാനും കൂടുതൽ കർമ്മധീരതയോടെ ഏൽപ്പിക്കപ്പെട്ട ഉത്തരവാദിത്വങ്ങളിൽ വിശ്വസ്തരാകുവാനും ഏവരോടും ആവശ്യപ്പെടുന്നു.

'ഉണരുക', 'എഴുന്നേൽക്കുക' എന്നിങ്ങനെയുള്ള പ്രചോദനകരമായ ശബ്ദങ്ങൾ തണുത്തുറഞ്ഞുപോയ, തീക്ഷ്ണതയില്ലാത്ത ആത്മിക പരിസരത്തുനിന്നും കുറച്ചു കൂടി ഉന്നതമായ, സജീവമായ, ദൈവിക ബന്ധത്തിലേക്കു പ്രചരിക്കുന്നതിനുള്ള ഓർമ്മപ്പെടുത്തലായാണ് പ്രവാചകപുസ്തകങ്ങളിൽ രേഖപ്പെടുത്തിയിട്ടുള്ളത്. പുരാതനവും തങ്ങളുടെ മാതാപിതാക്കളെ നടത്തിയതുമായ ദൈവത്തിൽനിന്നും അന്യവത്കരിക്കപ്പെട്ടുപോകുന്ന സാഹചര്യങ്ങളിൽ യിസ്രായേൽ മക്കളോട് പ്രവാചകന്മാർ സൂചിപ്പിച്ചിട്ടുള്ള മാർഗമാണിത്. മനുഷ്യന്റെ ആത്മീയതയുമായി ചേർത്തു വായിക്കുമ്പോൾ ഈ ചിന്താവിഷയത്തിന് വിവിധ തരത്തിലുള്ള അർത്ഥവ്യാഖ്യാനങ്ങൾ നൽകുവാൻ നമുക്കാകും. 2015-ന്റെ വർത്തമാനികമായ സാഹചര്യങ്ങളിൽ ഏതു വിധത്തിൽ നമുക്ക് കാര്യക്ഷമമായി പ്രവർത്തിക്കുവാൻ സാധിക്കണം എന്നതിന്റെ ഓർമ്മപ്പെടുത്തൽ കൂടിയാണ് വേദപുസ്തക ഭാഗങ്ങളിൽനിന്നും നമുക്കു ലഭ്യമാകുന്നത്.

ഉണരുകയും എഴുന്നേൽക്കുകയും ചെയ്യുന്ന അനുഭവങ്ങൾ വേദപുസ്തക ഭാഗങ്ങളിൽ നിരവധി സന്ദർഭങ്ങളിൽ ഉപയോഗിച്ചിട്ടുണ്ടെങ്കിലും പ്രസക്തമായ ഒന്നുരണ്ടു ഭാഗങ്ങൾ മാത്രം പരിശോധനാ വിഷയമാക്കുവാനാണ് ഞാൻ ആഗ്രഹിക്കുന്നത്. ബാലിന്റെ 450 പ്രവാചകന്മാരെ കൊന്നൊടുക്കുകയും ആകാശത്തിൽനിന്ന് അഗ്നിയിറക്കി ജീവനുള്ള ദൈവത്തെ പരസ്യമായി ജനങ്ങൾക്കു മുമ്പിൽ വരച്ചുകാട്ടു കയും ചെയ്ത ഏലിയാവ് പ്രവാചകൻ, ആഹാബ് രാജാവിന്റെ ഭാര്യയായ ഇസബേലിന്റെ ഭീഷണിക്കു മുമ്പിൽ ഭയവിഹ്വലനായിത്തീർന്ന് മരിക്കുവാൻ സന്നദ്ധനായിരിക്കുമ്പോൾ ഉണരുവാനും എഴുന്നേൽക്കുവാനുമുള്ള ദൈവശബ്ദം കേൾക്കുന്നു (1രാജാ 19:1-10). തിന്മ ശക്തിയോടു പ്രതികരിക്കാതെ സ്വയം ഉൾവലിയുന്ന ഏലിയാവിനു പറയുവാനുള്ളത് ഞാൻ ഒരുത്തൻ മാത്രം ശേഷിച്ചിരിക്കുന്നു എന്നതാണ് (1രാജാ. 19:10). നമ്മുടെ നിസ്സംഗതകൾക്കു കാരണമായി നമുക്കെപ്പോഴും പറയുവാനുള്ളത് നമ്മുടെ ഏകാന്തമായ അവസ്ഥയോ ജീവനിലുള്ള പേടിയോ ഒക്കെത്തന്നെയാണ്. തനിയെ നിൽക്കുവാനും രാജാവ് നഗ്നനാണ് എന്നു പറഞ്ഞ കുട്ടിയെപ്പോലെ വരുംവരായ്കകളെക്കുറിച്ച് ആശങ്കയില്ലാതെ, തിന്മകളോടു പടവെട്ടുവാൻ ആർജവത്വം ഇന്നാർക്കുമില്ല. ഈ നാട്ടിൽ എന്തുമാകാം എന്ന തോന്നൽ സൃഷ്ടിക്കപ്പെടുന്നത് അപ്രകാരം ഒരു സാഹചര്യത്തിലാണ്. രാഷ്ട്രീയത്തിലും ആത്മീയ തലങ്ങളിലും ശരിയായ പ്രതികരണത്തോടുകൂടി നിലനിൽക്കുവാൻ വർത്തമനകാല നേതൃത്വത്തിനു സാധിക്കാത്തത് ചിലതരം പേടികൾകൊണ്ടും നേട്ടങ്ങളിൽ ചിലതു നഷ്ടപ്പെടുത്തുവാൻ താത്പര്യമില്ലാത്തതുകൊണ്ടുമാണ്.

തനിയെ ഒന്നും ചെയ്യുവാനുള്ള പ്രാപ്തിയില്ലായ്മയാണ് ഏലിയാവിനെ തന്റെ ദൗത്യങ്ങളിൽനിന്നും പിന്തിരിപ്പിക്കുന്നത്. ഉത്തരവാദിത്വത്തോടുള്ള വിശ്വസ്തതയും അതു തനിയെ ചെയ്യുവാനുള്ള പ്രാപ്തിയും പ്രധാനമാണ്. എനിക്കെന്തു ചെയ്യുവാൻ കഴിയും?, ഞാൻമാത്രം വിചാരിച്ചാൽ എന്തു സംഭവിക്കാനാണ് എന്നൊക്കെയുള്ള ചിന്തകൾ ഈ നാളുകളിൽ പലരെയും കടമകളിൽനിന്നും പിന്തിരിപ്പിക്കുന്ന ഒഴികഴിവുകളാണ്. എന്നാൽ ഇത്തരം സാഹചര്യങ്ങളിൽ ഉണരുവാനും എഴുന്നേൽക്കുവാനുമുള്ള വിളിയാണ് ദൈവം നമുക്കു തരുന്നത്.

ഉണർവ്വിന്റെയും എഴുന്നേൽപ്പിന്റെയും അനുഭവം ലഭിക്കുന്ന മറ്റൊരാൾ നെഹമ്യാവ് ആണ്. തന്റെ മാതൃപട്ടണം മതിൽ ഇടിഞ്ഞും അതിന്റെ വാതിലുകൾ തീവെച്ചു ചുട്ടും കാണുന്ന അനുഭവത്തിൽ, തികഞ്ഞ ദൈവാശ്രയത്തോടെ സ്വർഗത്തിലെ ദൈവം തങ്ങളുടെ കാര്യം സാധിപ്പിക്കും (നെഹ. 2:20) എന്ന ആത്മ വിശ്വാസത്തോടെ എഴുന്നേറ്റു പണിയുന്ന നെഹമ്യാവിനെ നമുക്കു കാണുവാൻ കഴിയുന്നു.

ഉണർവ്വിന്റെ പ്രത്യേകത വെന്തെരിഞ്ഞ സാഹചര്യങ്ങളെ (Context) യഥാർത്ഥമായി മനസ്സിലാക്കുന്നു എന്നതാണ്. സമകാലിക ലോകത്തിലെ പുഴുക്കുത്തുകളെയും എരിഞ്ഞു ചാമ്പലായിരി ക്കുന്ന സാമൂഹിക-രാഷ്ട്രീയ-മത സാഹചര്യങ്ങളെയും തിരിച്ചറിഞ്ഞ് പുതുക്കുന്നതാണ് വർത്തമാനകാല ഉണർവ്വിന്റെ അനുഭവം. തിന്മ ശക്തികൾ പ്രബലമാകുമ്പോൾ, നിസ്സംഗതയോടെ അതിനെ സമീപിക്കുവാനല്ല, മറിച്ച് അടിയുറച്ച ദൈവവിശ്വാസത്തിൽ നിന്നുകൊണ്ട് നാം ഉയർത്തിപ്പിടിക്കേണ്ട മൂല്യങ്ങളെ സംരക്ഷിക്കുവാൻ, അതിന് അനുഗുണമായ പരവർത്തനങ്ങൾ ഏറ്റെടുക്കുവാനും നമു ക്കാവണം. ഏറ്റവും ഒടുവിൽ സർക്കാരിന്റെ മദ്യനയത്തിനെതിരെ നാം ഉയർത്തിയ വിമർശനം, കേവലം കക്ഷിരാഷ്ട്രീയത്തിന് അനുകൂലമോ, പ്രതികൂലമോ ആയ വാക് പ്രയോഗങ്ങളെക്കാൾ നാടിനെ ചാമ്പലാക്കുന്ന തിന്മശക്തികളെ ചെറുക്കുന്ന പ്രവർ ത്തനമാണ്. കേരളത്തിന്റെ മത ബോധങ്ങളെയും, സാംസ്കാരിക പൈതൃകത്തെയും ഭാവിതലമുറയെയും നശിപ്പിക്കുന്ന, കുടുംബങ്ങളെ കണ്ണീരിന്റെ കരിമ്പടം പുതപ്പിക്കുന്ന മദ്യത്തിനെതിരെയുള്ള പ്രതികരണമാണിത്. ഭരണ സമിതികളിൽനിന്ന് മദ്യപന്മാരെ ഒഴിവാക്കി ധീരമായ മാതൃക കേരളത്തിന്റെ പൊതുസമൂഹത്തിന്റെ മുമ്പിൽ വച്ച നമുക്ക് ധാർമ്മികമായ എല്ലാ അവകാശവും ഇക്കാര്യത്തിൽ ഉണ്ട്.

മിഷനറി ആഘോഷത്തിന്റെ ദ്വിശതാബ്ദി വേളയിൽ ഇത്തരമൊരു ചിതറിയ പഠനത്തിലൂടെ നാം നിർവ്വഹിക്കേണ്ട ദൗത്യ പൂർത്തീകരണങ്ങളുടെ അനിവാര്യതയിലേ ക്ക് ഇറങ്ങുവാൻ നാം ആഗ്രഹിക്കുകയാണ്. നമ്മുടെ സ്വാർത്ഥതയുടെയും വ്യക്തി താത്പര്യങ്ങളുടെയും ഇടം ത്യജിച്ച് സമൂഹത്തെയും നമ്മുടെ ചുറ്റുപാടുകളെയും ചുട്ടെരിച്ചുകളയുന്ന തിന്മകൾക്കെതിരെ നെഹമ്യാവിന്റെ ആത്മാവോടെ ഉണർന്നെഴു ന്നേറ്റ് അടരാടുവാൻ നമുക്കാവണം. എന്താണ് നമ്മുടെ ചുറ്റുപാടുകൾ നമുക്കു നൽ കുന്ന സൂചന? ഇവിടുത്തെ രാഷ്ട്രീയരംഗവും സാംസ്കാരിക രംഗവും വിഷലിപ്ത മായി അധഃപതിക്കുന്നു. സമൂഹത്തിന്റെ, നീതിന്യായ വ്യവസ്ഥയുടെ സംരക്ഷകരെ പോലും സംശയിക്കേണ്ടിവരുന്നു. തിന്മശക്തികൾക്കെതിരെ തൂലിക പടവാളാക്കേണ്ടവർ സുഷുപ്തിയിലാണ്ടിരിക്കുന്നു. ഇതര വ്യവസ്ഥകളിൽനിന്നും പ്രകടമായ വ്യത്യാസങ്ങ ളില്ലാതെ നമ്മുടെ ആത്മീയ ഗോളങ്ങളും വിമർശന ശരങ്ങളുയർത്തുവാൻ കെൽപ്പി ല്ലാതെ തുരുത്തുകൾ തീർത്തുകൊണ്ടിരിക്കുന്നു. മൂല്യങ്ങൾ ഉള്ള ഒരു വ്യക്തി അല്ലെ ങ്കിൽ കുടുംബം/ സമൂഹം എന്നത് വിചിത്രമായ, വംശനാശം സംഭവിക്കുന്ന ഒരു ചിന്തയായി മാറുന്നു. പുതിയ വർഷം കർമ്മോത്സുകരാകുവാൻ, ഉണർവ്വിന്റെ അനുഭവം ഏറ്റെടുക്കുവാൻ നമ്മുടെ മഹായിടവകയ്ക്കു കഴിയണം. മിഷനറി ചരിത്രത്തിന്റെ കരുത്തുറ്റ ഏടുകളിൽ അഭിമാനം കൊള്ളുകയും അതു കാലഘട്ടത്തിനനുസരിച്ചുള്ള മാറ്റങ്ങളോടെ പ്രയോഗത്തിൽ വരുത്തുകയും ചെയ്യേണ്ടതാണ്. സമൂഹം നമ്മുടെ സഭയിൽനിന്നും സ്വാഭാവികമായും ചിലതു പ്രതീക്ഷിക്കുന്നുണ്ട്. അതു നൽകുവാൻ നമുക്കു കഴിയേണ്ടതാണ്.

വെളിപ്പാടു പുസ്തകം 3-ാം അധ്യായം 1-ാം വാക്യം മുതലുള്ള, സർദ്ദീസിലെ സഭയോടുള്ള ദൂത് യുഗാന്ത്യ സംഭവങ്ങളുടെ വിവരണം എന്ന നിലയിലുള്ള വ്യാഖ്യാ നത്തിനപ്പുറം കാലത്തിന്റെ ചുവരെഴുത്തുകളെ വായിക്കുന്ന അനുഭവമായി തീരേണ്ട താണ്. 'ഉണർന്നുകൊൾക, ചാവാറായ ശേഷിപ്പുകളെ ശക്തീകരിക്കുക' എന്നിങ്ങനെ യുള്ള ദൂത്, കൈമോശം വന്ന ആത്മീയതയുടെ സമ്പന്നതയിലേക്കു മടങ്ങുവാനുള്ള പ്രചോദനമാണ്. ഉണർവ്വിന്റെ വർഷം എന്നതുകൊണ്ട് സഭ ഉദ്ദേശിക്കുന്നത് വിദ്യാഭ്യാസ രംഗത്ത്, ആതുര ശുശ്രൂഷാരംഗത്ത്, സാമൂഹിക പരിഷ്കരണ രംഗത്ത് ഈ സഭ നൽ കിയ അതുല്യമായ സംഭാവനകൾ നിർബാധം പുതിയ കാലത്ത് സംഗതമായി നിർവ്വഹി ക്കുവാൻ നാം പ്രതിജ്ഞാബദ്ധമാണ് എന്നതുതന്നെയാണ്. അതിർവരമ്പുകളില്ലാത്ത

സഭയെന്ന ആശയം ഈ നാളുകളിൽ നാം മുന്നോട്ടു വയ്ക്കുന്നു. എന്നാൽ നാം അതു പറയുമ്പോൾ അതിരുകൾ ഇല്ലാതെ കാലദേശ പരിമിതികൾ ത്യജിച്ച് ക്രിസ്തുവിന്റെ സ്നേഹത്താൽ പ്രേരിതരായി ഇവിടെയെത്തിച്ചേർന്ന മിഷനറിമാരുടെ സേവനമാണ് നമ്മുടെ അടിസ്ഥാനം. മറ്റു സഭകളുടെയും സംഘടനകളുടെയും നിലപാടുകളിൽ നിന്നും വ്യത്യസ്തമായി ചിലത് സ്വീകരിക്കുവാൻ നമ്മെ പ്രേരിപ്പിക്കുന്നത് മിഷനറി ദർശനവും വചനാധിഷ്ഠിതമായ നമ്മുടെ വിശ്വാസ ക്രമവുമാണ്. ചരിത്ര പ്രയാണത്തിൽ ഈ ശാക്തീകരണത്തിൽനിന്നും ഏതെങ്കിലും തരത്തിലുള്ള പിന്നോട്ടടി ഉണ്ടായിട്ടുണ്ടെങ്കിൽ അതിനെ മാറ്റി സഭയൊന്നാകെ ഉണരുവാനും നമ്മുടെ ശാക്തീകരണങ്ങളെ മുറുകെപ്പിടിച്ചു കുതിക്കുവാനുമുള്ള നാളുകളായി 2015-നെ മാറ്റുവാനുള്ള ക്രമീകരണമാണ് ഈ ഉണർവ്വു വർഷത്തിൽ നാം ചെയ്യേണ്ടത്. ഈ വർഷത്തിലെ പദ്ധതികളും പ്രവർത്തനങ്ങളും അതിന് ഉപയുക്തമായ രീതിയിൽ ക്രമീകരിക്കുവാനാണ് മഹായിടവക ഒന്നാകെ തയ്യാറെടുക്കുന്നത്.

സി. എസ്. ഐ. സഭയുടെ വിവിധ മഹായിടവകകളിലെ ബിഷപ്പുമാർ ഒത്തുചേർന്ന് ധ്യാനത്തിനും പഠനത്തിനുമായി ഈ വർഷം ഗ്രീസ്, തുർക്കി എന്നീ രാജ്യങ്ങൾ സന്ദർശിക്കുകയുണ്ടായി. സഭാപിതാവായ പോളികാർപ്പസിന്റെ രക്തസാക്ഷിത്വത്തിന്റെ സ്മരണ പേറുന്ന സ്മിർന്ന, ലോക കൗൺസിലുകളുടെയും വിശ്വാസ പ്രമാണങ്ങളുടെയും ഉറവിടമായ നിഖ്യാ, അന്ത്യോഖ്യ, എഫസോസ് തുടങ്ങി വിശുദ്ധ പൗലോസിന്റെയും വിശുദ്ധ യോഹന്നാന്റെയും മിഷനറി പ്രവർത്തനങ്ങളുടെ പുണ്യഭൂമികളിൽ കൂടിയുള്ള സന്ദർശനവും പുതിയ ഉൾക്കാഴ്ചയും തീരുമാനങ്ങളിലേക്ക് എത്തിച്ചേരുന്ന സൂചനകളും ഞങ്ങൾക്കേവർക്കും നൽകുകയുണ്ടായി. ഈ സ്ഥലങ്ങളിലൊന്നും ദൃശ്യമായ ഒരു സഭയുടെയും സാന്നിധ്യമില്ല. എന്നാൽ ധാരാളം സഭകൾ ലോകമെങ്ങും ഉണ്ടാകുവാനിടയായ മിഷനറി സുവിശേഷീകരണ പ്രവർത്തനങ്ങളുടെ ബീജാവാപം സംഭവിച്ചത് ഈ മണ്ണിലാണ്. കൊടിയ പീഡനങ്ങളും പ്രതിസന്ധികളും ഇവിടങ്ങളിലെ ക്രൈസ്തവ സഭകളെ അപ്രത്യക്ഷമാക്കി. സമാന സാമൂഹിക രാഷ്ട്രീയ സാഹചര്യങ്ങൾ ഇന്ന് നമ്മുടെ നാട്ടിൽ നിലവിലുണ്ട്. നിർബന്ധിത മത പുനഃപരിവർത്തനവും മതപരിവർത്തനം തടയുന്ന ബില്ലുകളും ഭാരതത്തിൽ പ്രബലമായിക്കൊണ്ടിരിക്കുകയാണ്. നമ്മുടെ ക്രൈസ്തവ ബോധ്യം കൊടിയ പീഡനങ്ങളെ ജയിപ്പാൻ പര്യാപ്തമാണോ, എന്നത് പ്രസക്തമായ ചോദ്യമാണ്.

2014-17 വർഷത്തേക്ക് പുതുതായി തെരഞ്ഞെടുക്കപ്പെട്ട മഹായിടവക എക്സിക്യൂട്ടീവ് കമ്മറ്റിയുടെ പ്രഥമ യോഗം ഡിസംബർ മാസം 1-ാം തീയതി ശനിയാഴ്ച നടത്തപ്പെട്ടു. മഹായിടവകയുടെ വിവിധ ബോർഡുകളിലേക്കുള്ള ആളുകളെ നിയമിക്കുകയും പുതിയ പ്രവർത്തന കാലയളവിലെ മഹായിടവക പ്രവർത്തനങ്ങളെക്കുറിച്ചുള്ള വിലയിരുത്തലുകളും നടത്തപ്പെട്ടു. ജൂബിലി കാലയളവിൽ മഹായിടവകയെ ആകമാനം നയിക്കുന്നതിന് പുതിയ ഭരണസമിതി അംഗങ്ങൾക്കു സാധിക്കട്ടെ എന്നു പ്രാർത്ഥിക്കുന്നു.

മഹായിടവക സ്ത്രീജനസഖ്യത്തിന്റെ ആഭിമുഖ്യത്തിൽ ബഥേൽ ആശ്രമത്തിലെ നസ്രേത്തിൽ ആരംഭിക്കുന്ന വയോജന മന്ദിരത്തിന്റെ പ്രതിഷ്ഠ നിർവ്വഹിക്കുവാൻ ഇടയായി. 2013-ലെ ക്രിസ്തുമസ് ഉത്സവത്തിന്റെ വരുമാനംകൊണ്ട് പ്രാഥമികമായി ആരംഭിക്കുന്ന ഈ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുവാൻ ഏവരും പിന്തുണ നൽകണമെന്ന് ഓർമ്മിപ്പിക്കുന്നു. നസ്രേത്തിലെ പഴയകെട്ടിടം എകദേശം 10 ലക്ഷത്തിൽപരം രൂപ ചെലവഴിച്ചാണ് പുതുക്കി, വയോജന മന്ദിരമാക്കി മാറ്റിയത്. ചുരുങ്ങിയ സമയത്തിനുള്ളിൽ കെട്ടിടത്തിന്റെ നവീകരണ പ്രവർത്തനങ്ങൾക്കു നേതൃത്വം നൽകിയ

വാരിക്കാട് ഇടവക വികാരി റവ. റോബിൻ ഐപ്പ് അച്ചനെയും ബഥേൽ ആശ്രമത്തിലെ സിസ്റ്റേഴ്സിനെയും, നിർമ്മാണ പ്രവർത്തനങ്ങളിൽ പങ്കാളിത്തം നൽകിയ ഏവരെയും മഹായിടവക സ്ത്രീജനസഖ്യം ഭാരവാഹികളെയും അഭിനന്ദിക്കുന്നു.

മഹായിടവക സ്ത്രീജനസഖ്യത്തിന്റെ ആഭിമുഖ്യത്തിൽ കഴിഞ്ഞ വർഷംമുതൽ ആരംഭിച്ച ക്രിസ്മസ് ഉത്സവം, ഈ വർഷവും ഡിസംബർ മാസം 4-ാം തീയതി മുതൽ 7 വരെ ഭംഗിയായി ക്രമീകരിക്കപ്പെട്ടു. ജനപങ്കാളിത്തംകൊണ്ടും പരിപാടികളിലെ വ്യത്യസ്തതകൊണ്ടും ഈ വർഷത്തെ ക്രിസ്മസ് ഉത്സവവും ഭംഗിയായി പര്യവസാനിച്ചു. ഇതിൽനിന്നും ലഭിക്കുന്ന വരുമാനം തിരുവല്ല ബഥേൽ ആശ്രമത്തിലെ നസ്രേത്തിൽ ആരംഭിച്ച വയോജന മന്ദിരത്തിന്റെ പ്രവർത്തനങ്ങൾക്കായാണ് ഉപയോഗിക്കുന്നത്. ബൃഹത്തായ ഈ പരിപാടിയിൽ വിവിധ നിലകളിൽ സഹായിച്ച മഹായിടവക ഓഫീസേഴ്സ്, സ്ത്രീജനസഖ്യ ഭാരവാഹികൾ, പ്രവർത്തകർ, പട്ടക്കാർ, സഭാശുശ്രൂഷകർ, പ്രൊബേഷണേഴ്സ് വിവിധ സംഘടനാ പ്രവർത്തകർ തുടങ്ങിയ ഏവരെയും അഭിനന്ദിക്കുന്നു.

എല്ലാ വർഷങ്ങളിലെയും പോലെതന്നെ 2014 ഡിസംബർ മാസം 2-ാം ശനിയാഴ്ച ബഥേൽ ദിനമായി ആചരിക്കുവാൻ ഇടയായി. കഴിഞ്ഞ 92 വർഷങ്ങളിൽ ബഥേൽ ആശ്രമവും അവിടുത്തെ സമർപ്പിതരായ സന്ന്യസ്തരും ചേർന്നു നിർവ്വഹിച്ച എല്ലാ സേവനങ്ങളേയും ഓർത്ത് ദൈവത്തെ സ്തുതിക്കുന്നു, അന്നേദിവസം രാവിലെ നടന്ന സ്തോത്രാരാധനയിൽ ഓർത്തഡോക്സ് സഭ അടൂർ-കടമ്പനാട് ഭദ്രാസന മെത്രാപ്പോലീത്താ ഡോ. സഖറിയാസ് മാർ അപ്രേം വചന ശുശ്രൂഷ നിർവ്വഹിച്ചു. തുടർന്നു നടന്ന പൊതുസമ്മേളനത്തിൽ ശ്രീമതി പേളി ജോസ് (എൻ. സി. സി. ഐ) മുഖ്യ പ്രഭാഷണം നടത്തി. സിസ്റ്റർ ഈഡിത്ത് നീവിന്റെയും സിസ്റ്റർ റേച്ചൽ ജോസഫിന്റെയും ഓർമ്മയ്ക്കായി തപാൽ വകുപ്പ് പുറത്തിറക്കുന്ന സ്റ്റാമ്പിന്റെ പ്രകാശനം നിർവ്വഹിക്കപ്പെട്ടു. പുതുതായി ബഥേൽ ആശ്രമ പരിസരത്ത് ആരംഭിക്കുന്ന ഇംഗ്ലീഷ് മീഡിയം സ്കൂളിന്റെ ഉദ്ഘാടനവും നിർവ്വഹിക്കപ്പെട്ടു. ബഥേൽ ദിനത്തിൽ നല്ല പങ്കാളിത്തം ഉണ്ടായത് അഭിനന്ദനാർഹമാണ്. എന്നാൽ ആശ്രമ പ്രവർത്തനങ്ങൾ തുടർന്നും നിർവ്വഹിക്കപ്പെടേണ്ടതിന് ഏവരുടെയും പ്രാർത്ഥനാപൂർവ്വമായ പങ്കാളിത്തം വളരെ ആവശ്യമാണ് എന്നോർമ്മിപ്പിക്കുന്നു. സമർപ്പിതരായി ഈ പ്രേഷിത പ്രവർത്തനങ്ങളിൽ ഭാഗധേയത്വം വഹിക്കുവാൻ തലമുറകൾ സജ്ജരാക്കപ്പെടേണ്ടതിനായി പ്രാർത്ഥിക്കാം. ആശ്രമത്തിനും ചുമതലക്കാർക്കും എല്ലാ അഭിനന്ദനവും അറിയിക്കുന്നു.

മച്ചുകാട് ഇടവകയുടെ ഉപസഭയായ പയ്യപ്പാടി സെന്റ് സ്റ്റീഫൻസ് സഭയ്ക്കുവേണ്ടി പുതിയതായി നിർമ്മിച്ച ദേവാലയത്തിന്റെ പ്രതിഷ്ഠാ ശുശ്രൂഷ നിർവ്വഹിച്ചു. ഈ സഭയിലെ വിശ്വാസികൾ വളരെ നാൾ പ്രയത്നം ചെയ്താണ് മനോഹരമായ ഈ ദേവാലയം പണി പൂർത്തീകരിച്ചത്. ഇടവക വികാരി റവ. വിജു വർക്കി ജോർജ് അച്ചനെയും സഭാപ്രവർത്തകൻ പി. ജെ. മൈക്കിൽ സാറിനെയും അഭിനന്ദിക്കുന്നു. ഇവിടുത്തെ സ്കൂളിൽ പഠിക്കുകയും പിന്നീട് കാൺപൂർ യൂണിവേഴ്സിറ്റിയുടെ വൈസ് ചാൻസലറായി മാറുകയും ചെയ്ത ബഹുമാനപ്പെട്ട നൈനാൻ മാത്യു സാറുമായി സൗഹൃദം പങ്കുവയ്ക്കുവാൻ സാധിച്ചത് സന്തോഷകരമായിരുന്നു. നമ്മുടെ പ്രാഥമിക വിദ്യാലയങ്ങളിൽ പഠിക്കുകയും സമൂഹത്തിന്റെയും വിവിധ ഉന്നത സ്ഥാനങ്ങളിൽ വിരാജിക്കുകയും ചെയ്യുന്ന ഇത്തരത്തിലുള്ള ധാരാളം ആളുകൾ ഉണ്ടെന്നോർത്ത് ദൈവത്തെ സ്തുതിക്കുന്നു.

മുണ്ടത്താനം സെന്റ് ആൻഡ്രൂസ് ദേവാലയത്തിന്റെ പുനഃപ്രതിഷ്ഠാ ശുശ്രൂഷ നിർവ്വഹിച്ചു. പഴയ ദേവാലയത്തിനു വേണ്ടപരിഷ്കാരങ്ങൾ വരുത്തി ഭംഗിയാക്കിയ ദേവാലയം മുണ്ടത്താനം ഇടവകയുടെ ശതാബ്ദി പദ്ധതിയാണ് പൂർത്തീകരിച്ചത്. നേതൃത്വം നൽകിയ റവ. ബിനു ഫിലിപ്പ് അച്ചനെയും കമ്മറ്റി അംഗങ്ങളെയും അഭിനന്ദിക്കുന്നു.

തന്മാസത്തിൽ കോട്ടയം, ഏറ്റുമാനൂർ, പുന്നവേലി ജില്ലാ കൗൺസിലുകൾ പൂർത്തീകരിപ്പാൻ കഴിഞ്ഞു. നമ്മുടെ ജില്ലാ കൗൺസിലുകൾ കുറച്ചുകൂടി സജീവമാകേണ്ടിയിരിക്കുന്നു. ദ്വിശതാബ്ദി പദ്ധതിയുടെ വീതം വയ്പ്പുകളെക്കാൾ കുറച്ചുകൂടി ദീർഘ വീക്ഷണത്തോടുകൂടി, ആത്മീയ ഭൗതിക മേഖലകളിൽ എന്തു പരിഷ്കാരം അടുത്ത 10 വർഷത്തേക്ക് ജില്ലകളിൽ നടപ്പിലാക്കാൻ കഴിയും എന്ന നിലയ്ക്കുള്ള ചർച്ചകൾ ഇത്തരം വേദികളിൽ ഉയർന്നുവരേണ്ടതാണ്. സഭയുടെ ദൗത്യത്തെക്കുറിച്ച്, ശുശ്രൂഷാ രംഗത്തെക്കുറിച്ച്, സ്ഥാപനങ്ങളെക്കുറിച്ച് വസ്തുവകകളെക്കുറിച്ച്, വികസന പരിപാടികളെക്കുറിച്ച് ഒക്കെ ക്രിയാത്മകവും സമഗ്രവുമായ പഠനങ്ങളും വിശകലനങ്ങളും ജില്ലാ കൗൺസിൽ സമ്മേളനങ്ങളിൽ നടക്കേണ്ടിയിരിക്കുന്നു.

മഹായിടവകയുടെ റിട്ടയർ ചെയ്തു വിശ്രമജീവിതം നയിക്കുന്ന അച്ചന്മാരുടെയും ബസ്കിയാമ്മമാരുടെയും ക്രിസ്തുമസ് കൂട്ടായ്മ ബിഷപ്സ് ഹൗസ് ചാപ്പലിൽവച്ചു നടത്തപ്പെട്ടു. ഊഷ്മളമായ സ്നേഹബന്ധം പുതുക്കുന്നതിനും പരസ്പരം പ്രാർത്ഥിക്കുന്നതിനും അനുഭവങ്ങൾ പങ്കുവയ്ക്കുന്നതിനും ഏവർക്കും ഈ കൂട്ടായ്മ സഹായകരമായി. തോമസ് സാമുവൽ തിരുമേനിയുടെയും അൻപതിൽപരം അച്ചന്മാരുടെയും ബസ്കിയമ്മമാരുടെയും സാന്നിധ്യം സന്തോഷകരമായിരുന്നു.

നാഷണൽ അസസ്മെന്റ് ആൻഡ് അക്രഡിറ്റേഷൻ കൗൺസിലിന്റെ (NAAC) പരിശോധനയ്ക്കുശേഷം സി. എം. എസ്. കോളജിന് എ പ്ലസ് ഗ്രേഡ് നൽകുകയുണ്ടായി. ഏറ്റവും ഉയർന്ന ഗ്രേഡ് കരസ്ഥമാക്കുന്നതിനായി കോളജിനെ ഒരുക്കുന്നതിന് അത്യധ്വാനം ചെയ്ത പ്രിൻസിപ്പൽ ഡോ. റോയ് സാം ഡാനിയേൽ സാറിനെയും അധ്യാപകരെയും അനധ്യാപകരെയും വിദ്യാർത്ഥികളെയും ഏറ്റവും ആത്മാർത്ഥമായി അഭിനന്ദിക്കുന്നു.

പുതിയ വർഷം ഏവർക്കും അനുഗ്രഹകരമാകട്ടെ എന്നു പ്രാർത്ഥിക്കുന്നു. മിഷനറി ആഗമനത്തിന്റെ ദ്വിശതാബ്ദി വേളയിൽ ഉത്തരവാദിത്വങ്ങളിൽനിന്നോ, കർത്തവ്യനിർവ്വഹണങ്ങളിൽനിന്നോ ഒളിച്ചോടുവാനോ അതിനോടു പുറം തിരിഞ്ഞു നിൽക്കുവാനോ നമുക്കവകാശമില്ല. കാലഘട്ടത്തിനനുസരിച്ച് പുതിയ മിഷനറി ദൗത്യങ്ങൾ ഏറെറടുക്കുകയും അതു നിർവ്വഹിക്കുകയുമാണ് കരണീയം. പുതിയ വെല്ലുവിളികളും വിഷലിപ്തമായ സാഹചര്യങ്ങളും നമ്മെ തുറിച്ചുനോക്കുമ്പോൾ സംഗതമായ ദൗത്യശാസ്ത്ര രൂപീകരണത്തിനു സമയമായി എന്നതാണ് കാലം നൽകുന്ന സൂചന. അതേറ്റെടുക്കുവാനും പുതിയ വർഷത്തിൽ കുറച്ചുകൂടി ആത്മാർത്ഥമായി ഇടപെടുവാനും പ്രവർത്തിക്കുവാനും ദൈവം നമ്മെ സഹായിക്കട്ടെ. പുതുവത്സരത്തിന്റെ നന്മകൾ ഒരിക്കൽ കൂടി നേർന്നുകൊണ്ട്,

സ്നേഹപൂർവ്വം,

**†റൈറ്റ് റവ. തോമസ് കെ. ഉമ്മൻ**
ബിഷപ്പ്

കോട്ടയം,
23.12.2014

## ബിഷപ്പിന്റെ 2015 ജനുവരി മാസത്തെ പ്രോഗ്രാം

| | | | |
|---|---|---|---|
| 01 | വ്യാഴം | 09.00 a.m.- 01.00 p.m. | : ഭരണ നിർവ്വഹണം |
| 02 | വെള്ളി | 09.00 a.m.- 01.00 p.m. | : സന്ദർശന സമയം |
| 03 | ശനി | 11.30 a.m | : കോത്തല |
| | | 03.30 p.m. | : ഇടക്കുന്നം |
| 04 | ഞായർ | 09.00 a.m | : ആലപ്പുഴ - സ്ഥിരീകരണം |
| 05 | തിങ്കൾ | 09.00 a.m.- 01.00 p.m. | : ഭരണ നിർവ്വഹണം |
| | | 02.30 p.m. | : നിലയ്ക്കൽ ട്രസ്റ്റീസ് മീറ്റിംഗ് - ദേവലോകം |
| | | 06-07 | : ബാംഗ്ലൂർ |
| 08 | വ്യാഴം | 11.30 a.m | : കത്തീഡ്രൽ |
| | | 06.30 p.m. | : മാവേലിക്കര ജില്ലാ കൺവൻഷൻ - കായങ്കുളം |
| 09 | വെള്ളി | 09.00 a.m. | : മാവേലിക്കര ബിഷപ്പ് മൂർ വിദ്യാപീഠ് |
| 10 | ശനി | 09.00 a.m.- 01.00 p.m. | : ബോർഡ് മീറ്റിംഗുകൾ |
| 11 | ഞായർ | 09.00 a.m. | : മുണ്ടക്കയം- സ്ഥിരീകരണം |
| | | 02.30 p.m. | : മുണ്ടക്കയം ജില്ലാ കൗൺസിൽ |
| | | 06.30 p.m. | : മാർത്തോമ്മ സഭ-റാന്നി നിലയ്ക്കൽ ഭദ്രാസന കൺവൻഷൻ |
| 12 | തിങ്കൾ | 09.00 a.m.- 01.00 p.m. | : സന്ദർശനസമയം |
| | | 04.30 p.m. | : സി. എം. എസ്. കോളജ്- സ്റ്റാഫ് ഫെലോഷിപ്പ് |
| 13-16 | | | : മൈസൂർ മിഷൻ സന്ദർശനം |
| 17 | ശനി | 11.30 a.m. | : തുരുത്തി |
| | | 03.00 p.m. | : പുന്നയ്ക്കാട് |
| 18 | ഞായർ | 09.00 a.m. | : അടൂർ ജില്ലാ കൺവൻഷൻ സമാപനം |
| 19 | തിങ്കൾ | | : തൂത്തുക്കുടി |
| 20 | ചൊവ്വ | | : കേരള ബിഷപ്സ് കൗൺസിൽ- ആലപ്പുഴ |
| 21 | ബുധൻ | 11.30 a.m. | : കായംകുളം-പുതുപ്പള്ളി |
| | | 02.30 p.m. | : മാവേലിക്കര ബിഷപ്പ് മൂർ കോളജ് - ചാപ്പൽ കൂദാശ |
| 22 | വ്യാഴം | 09.30 a.m. | : അന്താരാഷ്ട്ര പരിസ്ഥിതി സമ്മേളനം - കോട്ടയം |
| 23 | വെള്ളി | 01.30 p.m. | : മാവേലിക്കര- പീറ്റ് മെമ്മോറിയൽ ട്രെയ്നിംഗ് കോളജ് |
| 24 | ശനി | 09.30 a.m. | : കോടുകുളഞ്ഞി ജില്ലാ കൗൺസിൽ |
| | | 11.00 a.m. | : നെടുമ്പ്രം - പള്ളി പ്രതിഷ്ഠ |
| | | 02.30 p.m. | : തിരുവല്ല ജില്ലാ കൗൺസിൽ |
| 25 | ഞായർ | 09.00 a.m. | : കുമാരനല്ലൂർ - സ്ഥിരീകരണം |
| | | 01.30 p.m. | : മല്ലപ്പള്ളി ഐക്യ കൺവൻഷൻ സമാപനം |
| | | 06.30 p.m. | : മഹായിടവക കൺവൻഷൻ ഉദ്ഘാടനം |
| 25-ഫെബ്രുവരി 1 | ഞായർ | | : മഹായിടവക കൺവൻഷൻ യോഗങ്ങൾ |
| ഫെബ്രുവരി 1 | ഞായർ | 09.30 a.m. | : വിശുദ്ധ സംസർഗ്ഗ ശുശ്രൂഷയോടുള്ള ആരാധന-കൺവൻഷൻ പന്തൽ |
| | | 02.30 p.m. | : മഹായിടവക ദിന സമ്മേളനം |
| | | 06.30 p.m. | : കൺവൻഷൻ സമാപനം |